ഹോംഗാർഡുകളുടെ വേതനം

227 (3049) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോംഗാർഡുകൾക്ക് നിലവിൽ നൽകുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വേതനം ഇതര താൽക്കാലിക ജീവനക്കാരുടെ പ്രതിഫലം, ജീവിത സാഹചര്യങ്ങൾ, വിലക്കയറ്റം എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ വിഭാഗത്തിന്റെ വേതന വർദ്ധനവിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഹോംഗാർഡുകൾക്ക് എത്ര രൂപയാണ് യൂണിഫോം അലവൻസായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ ; ഒരേ ജോലി ചെയ്യുന്നവർക്ക് വ്യത്യസ്ത യൂണിഫോം അലവൻസ് നൽകുന്നത് പരിഹരിക്കുന്നതിനും ഹോംഗാർഡുകളുടെ യൂണിഫോം അലവൻസ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹോം ഗാർഡുകൾക്ക് ഡ്യൂട്ടി നിർവ്വഹിക്കുന്ന ദിവസങ്ങളിൽ 400 രൂപ വീതം നൽകിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) ഹോം ഗാർഡുകൾക്ക് പ്രതിവർഷം 1000 രൂപയാണ് യൂണിഫോം അലവൻസായി നൽകിവരുന്നത്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് യൂണിഫോം അവലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കുറ്റകൃത്യങ്ങളും നടപടികളും

228 (3050) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്നും ഈ നടപടികൾ കൊണ്ട് എത്രമാത്രം പ്രയോജനമുണ്ടായി എന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ നടപടികൾ സ്വീകരിക്കുമ്പോൾ വിവിധയിനം കറ്റകൃത്യങ്ങൾ കൂടുതലായി സംഭവിക്കുന്ന സാഹചര്യങ്ങളും സമയവും പ്രദേശങ്ങളും വിലയിരുത്തുകയോ പഠിക്കുകയോ ചെയ്യാറുണ്ടോ ; ഇത് സംബന്ധിച്ച് ജനങ്ങൾക്ക് വ്യക്തമായ സൂചനകൾ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) വിവിധ കറ്റകൃത്യങ്ങളും അവയുടെ സാഹചര്യങ്ങളും സാധാരണ ജനങ്ങളുടെ സാമൂഹ്യ ജീവിതത്തെ ഭീതിജനകമായ രീതിയിൽ സ്വാധീനിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ജനങ്ങളുടെ ഭീതി ഒഴിവാക്കുന്നതിനും അവർക്ക് സുരക്ഷിതമായ സാമൂഹ്യ ജീവിതം ഉറപ്പുനൽകുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ലകൾതോറും പോലീസ് സ്റ്റേഷൻ അതിർത്തികളിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പട്ടാബുക്ക് സ്ഥാപിച്ച് ബീറ്റ് ഡ്യൂട്ടിയും മൊബൈൽ പോലീസ് പട്രോൾ ശക്തമാക്കിയും, ടൂ വീലർ പട്രോൾ നടത്തിയും, മുൻകറ്റവാളികളെ നിരീക്ഷിച്ചും കാപ്പ പോലുള്ള നിയമങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കിയും കറ്റകൃത്യങ്ങൾ കുറച്ചുകൊണ്ട് വരുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഇതിനുപുറമെ ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി പഞ്ചായത്ത് ജനകീയ സമിതികളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും സ്ത്രീശാക്തീകരണ യൂണിറ്റുകളുടെയും വനിതാ സെല്ലിന്റെയും സഹകരണത്തോടുകൂടി ബോധവൽക്കരണ സെമിനാറുകളും ക്ലാസ്സുകളും നടത്തിയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ഹൈവേ ജാഗ്രതാ സമിതികൾ, ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ, ഓപ്പറേഷൻ മൺസൂൺ എന്നീ പദ്ധതികളിലൂടെ കറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചും സൈബർ സെല്ലിന്റെയും കമ്പ്യൂട്ടർ സെല്ലിന്റെയും പ്രവർത്തനം ശക്തിപ്പെടുത്തിയും കൂടാതെ കറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചും സ്ഥിരം കറ്റവാളികൾക്കെതിരെ കരുതൽ തടങ്കൽ നടപടികൾ സ്വീകരിച്ചും കറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുംവരുന്നു.

(ബി) സർക്കിൾ ഇൻസ്പെക്ടർമാരും സബ്ഡിവിഷണൽ പോലീസ് ഓഫീസർമാരുമായി ജില്ലാ പോലീസ് മേധാവി നടത്തുന്ന പ്രതിമാസ ക്രൈം കോൺഫറൻസിൽ വിവിധ കറ്റകൃത്യങ്ങൾ കൂടുതലായി സംഭവിക്കുന്ന സമയവും, സാഹചര്യവും, പ്രദേശങ്ങളും വിലയിരുത്തുകയും ഇതുസംബന്ധിച്ച് പോലീസ് നേരിട്ടും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകാറുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ കുറ്റകൃത്യങ്ങളും അവയുടെ സാഹചര്യങ്ങളും സാധാരണ ജനങ്ങളുടെ സാമൂഹ്യ ജീവിതത്തെ ഭീതിജനകമായ രീതിയിൽ സ്വാധീനിക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടില്ല.

സതീഷിനെതിരെയുള്ള കൊലക്കേസ്

229 (3051) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽ വച്ച് രഘു എന്ന യുവാവിനെ കൊലപ്പെടുത്തിയ കേസിലെ പ്രതിയായ സതീഷിനെ പോലീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ ;

(ബി) കൊലക്കേസിൽ സതീഷിനെതിരെയുള്ള കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ; എന്തെല്ലാം കുറ്റങ്ങളാണ് ആരോപിക്കപ്പെട്ടിരിക്കുന്നത് ;

(സി) ഇന്റലിജൻസ് സെക്യൂരിറ്റി വിംഗിൽ ഒരു കൊലക്കേസ് പ്രതി ജോലി ചെയ്യുന്നത് ശരിയാണോ ; ഇയാളെ ഏതെങ്കിലും പാർലമെന്റ് അംഗത്തിന്റെ ഗൺമാനായി നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് പാർലമെന്റ് അംഗത്തിന്റെ ;

(ഡി) പ്രസ്തുത പാർലമെന്റ് അംഗം കൊലപാതക കേസ്സിൽനിന്നും സതീഷിനെ രക്ഷപ്പെടുത്താൻ ശ്രമിച്ചത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302, 34 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്.

(സി) നിലവിൽ ശ്രീ. സതീഷ് ഇന്റലിജൻസ് വിഭാഗത്തിൽ ജോലി ചെയ്യുകയോ ടിയാനെ ഏതെങ്കിലും പാർലമെന്റ് അംഗത്തിന്റെ ഗൺമാനായി നിയോഗിക്കുകയോ ചെയ്തിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly